കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

താനൂർ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം
08/1952/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 10/10/2023
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
താനൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (AIMS മുഖേന)
2. ജോയിന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി., മലപ്പുറം (ഇ.മെയിൽ മുഖേന)
3. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം തീയ്യതി: 10/10/2023
08/1952/2023

മലപ്പുറം ജില്ലയിലെ താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-11-2022 മുതൽ 08-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സതീഷ് മാവേലി പുത്തൻ വീട്	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	09-08-2023	19-08-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
09-08-2023	19-08-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം.ദിനേശൻ., ഓഡിറ്റ് ഓഫീസർ
ശ്രീമതി ജിഷ.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. മൊയ്തീൻ ഫാസിൽ.കെ., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സൽമ.കെ	പ്രസിഡന്റ്	01-04-2022	21-08-2022
ശ്രീ.പി.സി.അഷ്റഫ്	പ്രസിഡന്റ്	22-08-2022	30-09-2022
ശ്രീമതി.സൽമ.കെ	പ്രസിഡന്റ്	01-10-2022	31-03-2023
ശ്രീ.ജോസ് കുമാർ.എസ്	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സൈഫുന്നിസ.ടി.കെ	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	01-04-2022	28-05-2022
ശ്രീമതി.ഷഹനില പി.പി	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	29-05-2022	24-07-2022
ശ്രീമതി.സൈഫുന്നിസ.ടി.കെ	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	25-07-2022	06-10-2022
ശ്രീമതി.ഷഹനില പി.പി	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	07-10-2022	14-10-2022

ശ്രീ.ബാബു ഷക്കീർ.പി.ഇ	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	15-10-2022	31-03-2023
ശ്രീമതി.ജുമൈലത്ത്	അസിസ്റ്റന്റ്.എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2022	31-03-2023
ശ്രീമതി.ലിസ്സി.പി.സി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	17-09-2022
ശ്രിമതി.മഞ്ജു.ജി	അസിസ്റ്റന്റ് എഞ്ചിനീയർ	18-09-2022	30-09-2022
ശ്രീമതി.ജിൻസി.ഐ	അസിസ്റ്റന്റ് എഞ്ചിനീയർ	01-10-2022	31-03-2023
ശ്രീമതി.റീബ തങ്കച്ചൻ	ഡയറിഎക്സ്റ്റൻഷൻ ഓഫീസർ	01-04-2022	25-06-2022
ശ്രീ.മഹേഷ്.പി	ഡയറിഎക്സ്റ്റൻഷൻ ഓഫീസർ	26-06-2022	16-07-2022
ശ്രീ.ബിനു സുധാകരൻ	ഡയറിഎക്സ്റ്റൻഷൻ ഓഫീസർ	17-07-2022	01-11-2022
ശ്രീ.മഹേഷ്.പി	ഡയറിഎക്സ്റ്റൻഷൻ ഓഫീസർ	02-11-2022	06-12-2022
ശ്രീ.അബ്ദുൽ മഹ്റൂഫ്.എച്ച്.പി	ഡയറിഎക്സ്റ്റൻഷൻ ഓഫീസർ	07-12-2022	15-12-2022
ശ്രീ.മഹേഷ്.പി	ഡയറിഎക്സ്റ്റൻഷൻ ഓഫീസർ	16-12-2022	31-03-2023
ശ്രീമതി.സുമ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	04-02-2023
ശ്രീമതി.ബിന്ദു.പി	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	05-02-2023	31-03-2023
ഡോ.അഹമ്മദ് കുട്ടി വലിയപീടിയേക്കൽ	മെഡിക്കൽ ഓഫീസർ(അലോപ്പതി)	01-04-2022	31-03-2023
ശ്രീമതി.ഗ്രേസി	ശിശു വികസന പദ്ധതി ഓഫീസർ	01-04-2022	04-12-2022
ശ്രീമതി.ജയശ്രീ.എ	ശിശു വികസന പദ്ധതി ഓഫീസർ	05-12-2022	15-12-2022
ശ്രീമതി.മേരി ജോൺ	ശിശു വികസന പദ്ധതി ഓഫീസർ	16-12-2022	13-01-2023
ശ്രീമതി.ബീന.സി.ജെ	ശിശു വികസന പദ്ധതി ഓഫീസർ	13-01-2023	31-03-2023
ശ്രീ.പ്രേമരാജൻ.പി.വി	പട്ടികജാതി വികസന ഓഫീസർ	01-04-2022	12-08-2022
ശ്രീ.ചന്ദ്രൻ കൂടത്തായ	പട്ടികജാതി വികസന ഓഫീസർ	13-08-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല	1-1-1
3	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-2
4	ഗ്രാന്റുകൾക്ക് പ്രത്യേകം എ.സി.ആർ സൂക്ഷിച്ചിട്ടില്ല	1-1-3
5	ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-4
6	അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല	1-1-5
7	വാടകയിനത്തിലെ വരവിൽ അപാകത	1-1-6
8	എ.സി.ആറും എ.എഫ്.എസും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-7
9	ഹെഡ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു	1-1-8
10	B-4, B-7 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം	1-3
13	ഗ്രാന്റ് സ്റ്റേറ്റ്മന്റ് അപാകത	1-4-1
14	ഫണ്ട് വിനിയോഗം 2021-22 (ACR പ്രകാരം)	1-4
15	പദ്ധതി അവലോകനം	1-5
16	തൊഴിലുറപ്പ് പദ്ധതി	1-6
17	ക്ഷേമപദ്ധതികൾ	1-7
18	ക്യാഷ് പരിശോധന	1-8
19	ആഭ്യന്തര നിയന്ത്രണം	1-9
20	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
21	നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം	1-11
22	പ്ലാസ്റ്റിക് നിർമ്മാർജ്ജന യൂണിറ്റിലേക്ക് പ്ലാസ്റ്റിക് ബെയിലിംഗ് യന്ത്രം വാങ്ങൽ - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്	1-12
23	പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-13
24	കടമുറികൾ ലേലം ചെയ്യാത്തത് സംബന്ധിച്ച്	1-14
25	വനിതാ സ്വയം സഹായ സംഘങ്ങൾക്ക് സബ്സിഡി- അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല	1-15
26	മത്സ്യത്തൊഴിലാളികൾക്ക് ഗിൽനെറ്റ് നൽകൽ- അനുബന്ധരേഖകൾ ലഭ്യമാക്കേണ്ടതാണ്	1-16
27	സിസിടിവി സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല	1-17
28	മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല	1-18
29	ബ്ലോക്ക് തല പെയിൻ പാലിയേറ്റിവ് കെയർ പദ്ധതി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-19
30	ബയോമെട്രിക് പഞ്ചിംഗ് സംവിധാനം- സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.	1-20
31	പദ്ധതി ഉപേക്ഷിച്ചു- മുൻകൂർ നൽകിയ തുക ക്രമീകരിച്ചില്ല	1-21
32	ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്	1-22
33	അംഗൻവാടികൾക്ക് പോഷകത്തോട്ടം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-23
34	കംപ്യൂട്ടർ സെന്റർ പ്രവർത്തനത്തിലെ അപാകതകൾ	1-24
35	പദ്ധതി രൂപീകരണ മാർഗ്ഗരേഖ പൂർണ്ണമായി പാലിക്കാതെ പദ്ധതി തയ്യാറാക്കി	1-25
36	കുടിവെള്ള പദ്ധതികൾ - പ്രവൃത്തികൾ പൂർത്തിയാക്കിയാക്കാൻ അവശേഷിക്കുന്നു	1-26
37	ഓഡിറ്റ് എൻകയറി നൽകിയതിനെ തുടർന്ന് അപാകത പരിഹരിച്ചു.	1-27
38	കുറിയേടത്ത് മുഹമ്മദ് ഹാജി സ്മാരക കുടിവെള്ള പദ്ധതി കിണർ നിർമ്മാണം - അപാകതകൾ	1-28
39	ഒഴൂർ ഗ്രാമ പഞ്ചായത്തിലെ മണലിപ്പുഴ GMLP സകൂളിന് ടോയ്ലറ്റ് നിർമ്മാണം- അപാകതകൾ	1-29
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2

3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/23.05.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 02.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം
തീയതി:10/09/2023

1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ (സചിത്ര)കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62 (2) (ഇ) , (എഫ്) പ്രകാരം വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (Ratios) , പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്, ആയത് ഉൾപ്പെടുത്തിയിട്ടില്ല.

1-1-3 ഗ്രാന്റുകൾക്ക് പ്രത്യേകം എ.സി.ആർ സൂക്ഷിച്ചിട്ടില്ല

പ്രത്യേക എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 4 ൽ രേഖപ്പെടുത്തിയ 14629607 രൂപയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 7 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡെപ്പോസിറ്റ് ഇനത്തിൽ രേഖപ്പെടുത്തിയ തുകകൾ കാലഹരണപ്പെട്ടവയാണോ എന്ന് വ്യക്തമല്ല.

1-1-5 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്ററിൽ പൂർണ്ണമായും വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 18 ൽ രേഖപ്പെടുത്തിയ 5372646 രൂപയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-6 വാടകയിനത്തിലെ വരവിൽ അപാകത

വാടക ഇനത്തിൽ ഉള്ള വരവ് റെന്റ് രജിസ്റ്ററും എ.എഫ്.എസുമായി പൊരുത്തപ്പടുന്നില്ല.

	എ.എഫ്.എസ് പ്രകാരം	രജിസ്റ്റർ പ്രകാരം
ഡിമാന്റ്	222406	222406
കളക്ഷൻ	240780	221196
ബാലൻസ്	674954	1210

ഡിമാന്റിനേക്കാൾ കൂടുതലായി കളക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. അരിയർ ഡിമാന്റ് രജിസ്റ്റിർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എ.എഫ്.എസിലെ കുടിശ്ശികയുടെ നിജസ്ഥിതി വ്യക്തമല്ല.B-15 പ്രകാരം റെന്റ് അരിയർ ഇനത്തിൽ 673744/-രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വിവരം ലഭ്യമല്ല. AFSപ്രകാരം ഡിമാന്റ്, കളക്ഷൻ,ബാലൻസ് പൊരുത്തപ്പെടുന്നില്ല.

1-1-7 എ.സി.ആറും എ.എഫ്.എസും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വികസന ഫണ്ട് (ജനറൽ),സി.എഫ്.സി ടൈഡ് ഗ്രാന്റ് , സി.എഫ്.സി അൺ ടൈഡ് ഗ്രാന്റ് ചെലവ് വാർഷിക കണക്ക്- ഏ.സിആർ എന്നിവയിലെ തുകകൾ എ.സി.ആറും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1-1-8 ഹെഡ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

റെന്റ് ഇനത്തിലുള്ള 1150/- രൂപ 431400198 എന്ന ഹെഡിൽ തെറ്റായി ചേർത്തിട്ടുണ്ട്.

1-1-9 B-4, B-7 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബാലൻഷീറ്റ് B4 ഷെഡ്യൂളിലെ താഴെ പറയുന്ന ഇനങ്ങൾ B17 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

ഇനം	B4 ഷെഡ്യൂൾ പ്രകാരം	B17 ഷെഡ്യൂൾപ്രകാരം
IAY General	46998	700462
TSC	174204	178521

1-2 ബജറ്റ്

2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി	പുതുക്കിയ തീരുമാന നം./തിയ്യതി
1(1),25.03.2022	1(1),22.03.2023

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	12203410
വരവ്	79454480
ആകെ	91657890
ചെലവ്	78228745
നീക്കിയിരിപ്പ്	13429145

1-4-1 ഗ്രാന്റ് സ്റ്റേറ്റ്മന്റ് അപാകത

ഗ്രാന്റ് സ്റ്റേറ്റ്മന്റും എ.സി.ആറും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

പദ്ധതി വിഹിതം	എ.സി.ആർ പ്രകാരം	ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം
ഡെവലപ്പ്മെന്റ്ഫണ്ട്(ജനറൽ)	31448798	31060957
സി.എഫ്.സി ടൈഡ്	9795723	8633589
മെയ്ന്റനൻസ് ഫണ്ട് നോൺ റോഡ്	5047203	4122351
എസ്.സി.പി	5080000	5005000

1-4 ഫണ്ട് വിനിയോഗം 2021-22 (ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് പൊതുവിഭാഗം	0	31448798	31448798	31448798	0
വികസനഫണ്ട് എസ്.സി.പി.	0	5080000	5080000	5080000	0
സംരക്ഷണഗ്രാന്റ് റോഡ്	0	0	0	0	0
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	5047203	5047203	5047203	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied)	0	6777750	6777750	6949268	-171518
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)	0	12367910	12367910	9795723	2572187

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം

107	99152970	85	58828004	0	22	79

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

1-7 ക്ഷേമപദ്ധതികൾ

ഇല്ല.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.08.2023 ന് 12.30 P.M മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസൊന്നും ഇല്ല എന്ന് കണ്ട് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

.1. ഓഫീസ് ചെലവുകൾക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് അനുവദിച്ച തുകകളുടെ വിനിയോഗം ചെക്ക് ഇഷ്യൂ രജിസ്റ്ററിലൂടെ നിരീക്ഷിക്കുന്നുണ്ട്. എന്നാൽ ഇപ്രകാരം വരവ് വന്ന തുക കാഷ് ബുക്കിൽ രേഖപ്പെടുത്തുകയോ, മാസാന്ത്യ നീക്കിയിരിപ്പ് കാഷ് ബുക്കിൽ കൊണ്ടുവരുകയോ ചെയ്തിട്ടില്ല.
2. ടെണ്ടർ ഫീ ഇനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ SBI താനൂർ ബ്രാഞ്ചിൽ ഉള്ള കറന്റ് അക്കൗണ്ടിൽ (നം.00000035043333292) ക്രഡിറ്റ് ആകുന്ന തുകകൾ വർഷത്തിൽ ഒരിക്കലാണ് സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ട് കറന്റ് അക്കൗണ്ടായത് കാരണം നീക്കിയിരിപ്പുള്ള വലിയ തുകക്ക് മേൽ (30.3.2023 ന് 221497 രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. 4/23 ൽ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തു) പലിശ ലഭിക്കാതെ പോകുന്നുണ്ട്. ആയതിനാൽ കുറഞ്ഞത് വർഷത്തിൽ രണ്ട് തവണയെങ്കിലും നീക്കിയിരിപ്പുള്ള തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.
3.പഞ്ചായത്തിന്റെ അധീനതയിലുള്ള ടൈലറിംഗ് സെന്ററിൽ നിന്നും കംപ്യൂട്ടർ സെന്ററിൽ നിന്നുമുള്ള ഫീസിനത്തിലുള്ള പണപ്പിരിവ് കാര്യക്ഷമമായി നിർവ്വഹിക്കുന്നില്ല.വിശദവിവരം ഖണ്ഡിക 1-24 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	22/06/2022	2021-22	29/07/2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	07/02/2015 മുതൽ 12/02/2015 വരെ	2009-10മുതൽ 2013-2014വരെ	25/04/2015

1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ, പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻകയറി [01/10.08.2023] നൽകുകയും, ആയതിന് സ്ഥാപനം ലഭ്യമാക്കിയ മറുപടി [19.08.2023] പരിശോധിക്കുകയും ചെയ്താണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

ക്രമ നമ്പർ (1)	സാമ്പത്തിക വർഷം (2)	പ്രോജക്ട് നമ്പർ (3)	പ്രോജക്ട് (4)	ഏജൻസി (5)	മുൻകൂർ നൽകിയ തുക (6)	ഫണ്ട് ഇനം (7)	ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8)	റിമാർക്സ്
1	2013-14	19	പടിഞ്ഞാക്കര കുടിവെള്ള പദ്ധതിയ്ക്ക് വൈദ്യുതി ലൈൻ	കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	191073	Development Fund(General) - 191073	191073	
2	2014-15	117	ഒട്ടുംപുറം ഗൈഡ്ലൈറ്റ്, ചാപ്പപ്പടി ഗൈഡ് ലൈറ്റ് റിപ്പയർ	കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	48000	Development Fund(General) - 48000	48000	
3		140	താനൂർ സി.എച്ച്.സിയിൽ സോളാർ	അനർട്ട്(ടിഇഎസ്എം പ്രോജക്ടുകൾ മാത്രം)	184375	Own Fund - 250000	184375	

			ലൈറ്റ് സിസ്റ്റം സ്ഥാപിക്കൽ					
4		103	ഫാറൂഖ് പള്ളി ഗൈഡ്ലൈറ്റ് സ്ഥാപിക്കൽ	ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്	700000	Development Fund(General) - 700000	700000	
5	2015-16	80	ബ്ലോക്ക് ഓഫീസ് സോളാർ സിസ്റ്റം സ്ഥാപിക്കല്	അനർട്ട്(ട്രിഇഎസ്എം പ്രോജക്ടുകൾ മാത്രം)	807700	Maintenance Fund - Non-Road Assets - 900000	807700	
6	2016-17	87	കോടഞ്ചേരി പാടം പട്ടികജാതി കോളനി കെ.ഡബ്ല്യു.എ പൈപ്പ് ലൈന് എക്സ്റ്റൻഷൻ	കേരളാ വാട്ടർ അതോറിറ്റി	500000	Development Fund(S.C.P) - 500000	36575	KWA Edappal PH ഡിവിഷനിൽനിന്നും 4,63,425 രൂപയുടെവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ബാക്കി ചെലവഴിക്കാന വശേഷിക്കുന്ന 36575/- രൂപ തിരികെഈടാക്കിയ വിവരം ഇല്ല
7		103	നിറമരുതൂർ കുറ്റിയത്തുപാടം തോട്ടീരി തോട് കെ.ഡബ്ല്യു.എ പൈപ്പ് ലൈന് ദീർഘിപ്പിക്കല	കേരളാ വാട്ടർ അതോറിറ്റി	400000	Development Fund(General) - 400000	33977	KWA Edappal PH ഡിവിഷനിൽനിന്നും 3,66,023/- രൂപയുടെവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ബാക്കി ചെലവഴിക്കാന വശേഷിക്കുന്ന 33977/- രൂപതിരികെ ഈടാക്കിയ വിവരം ഇല്ല
8	2017-18	145	പനമ്പാലം മിനി കുടിവെള്ള പദ്ധതി - KWA പൈപ്പ് ലൈൻ നീട്ടൽ	കേരളാ വാട്ടർ അതോറിറ്റി	550000	Development Fund(General) - 550000	550000	
9	2018-19	80	ബ്ലോക്ക് പഞ്ചായത്ത് കോംപൌണ്ടില് സി.സി ടിവി സ്ഥാപിക്കല്	PW Electronics	136069	MG(NR)	136069	

2017-18 വർഷത്തെ പുതിയ പ്രോജക്ടായി അംഗീകാരം വാങ്ങിയ പ്രോജക്ട് 145/18 പനമ്പാലം മിനി കുടിവെള്ള പദ്ധതി - KWA പൈപ്പ് ലൈൻ നീട്ടൽ പ്രവർത്തിക്കായി മുൻകൂർ നൽകിയ 550000/- രൂപയ്ക്ക് വാട്ടർ അതോറിറ്റി നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിൽ ടി തുക പൂർണ്ണമായും റോഡ് റീസ്റ്റോറേഷൻ ഇനത്തിൽ PWD ക്ക് നൽകിയതായും പണി തുടരുന്നതായും കാണിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി തുടർ വർഷങ്ങളിൽ തുക ചെലവഴിച്ചിട്ടുമില്ല. മേൽ പദ്ധതിക്കായി വിവിധ വർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം, പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, മൂല്യ നിർണ്ണയ തുക എന്നിവ ലഭ്യമാക്കേണ്ടതാണ്.

മേൽ പ്രവൃത്തികളിലായി മുകളിൽ പരാമർശിച്ച പ്രകാരം മുൻകൂറായി അടവാക്കിയ തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ വിവിധ ഏജൻസികളിൽ നിന്നും തിരികെ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 പ്ലാസ്റ്റിക് നിർമ്മാർജ്ജന യൂണിറ്റിലേക്ക് പ്ലാസ്റ്റിക് ബെയിലിംഗ് യന്ത്രം വാങ്ങൽ - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജെക്ട് : 35/23 പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിലെ പ്ലാസ്റ്റിക് നിർമ്മാർജ്ജന യൂണിറ്റിലേക്ക് പ്ലാസ്റ്റിക് ബെയിലിംഗ് യന്ത്രം വാങ്ങൽ

അടങ്കൽ : 5,00,000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) + 60000/- (തനത് ഫണ്ട്)

ചെലവ് : 5,00,000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) + 56000/- (തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്.

മേൽ പദ്ധതി 2021-22 വർഷത്തിലെ 124/22 പ്രോജക്ടിന്റെ സ്പിൽ ഓവർ പ്രോജക്ട് ആണ്. പ്രോജക്ട് പ്രകാരം പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിലെ പ്ലാസ്റ്റിക് നിർമ്മാർജ്ജന യൂണിറ്റിലേക്ക് പ്ലാസ്റ്റിക് ബെയിലിംഗ് യന്ത്രം വാങ്ങുന്നതിന് ക്ലീൻ കേരള കമ്പനിക്ക് (പ്രൊഫോർമ ഇൻവോയ്സ് നമ്പർ 43/26.03.2022) തുക നൽകിയിട്ടുണ്ട്. ചെലവിന്റെ വിശദ വിവരം താഴെ ചേർക്കുന്നു

തുക	വൗച്ചർ നമ്പർ/ചെക്ക് നമ്പർ/ തിയ്യതി	റിമാർക്സ്

56000	ചെക്ക് നമ്പർ1734700/03.02.2023	ടി തുക മാത്രമാണ് 2022-23 വർഷത്തിൽ ചെലവഴിച്ചിട്ടുള്ളത്.
482032	XVFC/2021-22/P/21 / 31.03.2022	തുക ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 2021-22സാമ്പത്തിക വർഷം തന്നെ ചെലവഴിച്ചതായി കാണുന്നു. എന്നാൽ സുലേഖ ചെലവു പത്രിക പ്രകാരം 22-23ലെ പദ്ധതിയായാണ് വരുന്നത്.
8984 (GST TDS)	ലഭ്യമാക്കിയിട്ടില്ല	വൗച്ചർ/ചെക്ക് വിവരം ഹാജരാക്കിയിട്ടില്ലെങ്കിലും ജി.എസ്.ടി. വകുപ്പിലേക്ക് അടവാക്കിയ ചലാൻ ഹാജരാക്കി
8984 (IT TDS)	ലഭ്യമാക്കിയിട്ടില്ല	വൗച്ചർ/ചെക്ക് വിവരം ഹാജരാക്കിയിട്ടില്ലെങ്കിലും ഐ.ടി. വകുപ്പിലേക്ക് അടവാക്കിയ ചലാൻ ഹാജരാക്കി

പ്രൊഫോർമ ഇൻവോയ്സ് പ്രകാരം അഡ്വാൻസായി തുക അനുവദിച്ചതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ബെയിലിംഗ് മെഷീൻ സ്ഥാപിച്ച വിവരം, ടാക്സ് ഇൻവോയ്സ്, തുകയുടെ കൈപ്പറ്റ് രശീതി പ്ലാസ്റ്റിക് നിർമ്മാർജ്ജന യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ച വിവരം എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (16 /22-23/18.08.2023) മറുപടി ലഭ്യമാക്കിയില്ല. അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതും പദ്ധതിയുടെ പൂർത്തീകരണ/പ്രവർത്തന സജ്ജമാക്കി വിവരം അറിയിക്കേണ്ടതുമാണ്. ആയതു വരെ ചെലവു തുക 556000/- രൂപ തടസ്സം ചെയ്യുന്നു.

1-13 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രൊജക്ട്: 25(പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പഠനമുറി)

അടങ്കൽ: 825000/-(എസ്.സി.പി)

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.
രജിസ്റ്റർ പ്രകാരം 2019-2020 കാലയളവിലും 2020-2021 കാലയളവിലും ആദ്യ ഗഡു/രണ്ട് ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം ഇനിയും പൂർത്തിയാക്കിയിട്ടില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്രമനം	ഗുണഭോക്താവിന്റെ പേര്	പണം നൽകിയതിന്റെ വിവരം
1	സച്ചിൻ.എം.സി S/Oശങ്കരൻ	50000/29.10.2019 (I Installment) 75000/-20.04.2020(II Installment)
2	അനഘ D/O സ്മിത	50000/-20.04.2020 (I Installment) 75000/-09.11.2021(II Installment)
3	കുമാരി നിരഞ്ജന D/O വേലായുധൻ	50000/-20.04.2020(I Installment)
4	ഷിബിൻ ഷീന ഇ.പി D/O അയ്യപ്പൻ	50000/-20.04.2020 (Iinstallment) 75000/-09.11.2021(II)
5	ജിസിലി.കെ D/O രാജൻ.കെ	50000/-17.02.2021 (I Installment) 75000/-21.10.2021(II Installment)
6	സജിത്ത് S/O ഷൂജ&സുരേഷ് ബാബു	50000/-31.03.2022 (I Installment) 75000/-15.12.2022(II Installment)

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകെയറി നം.9/16.08.2023 ന് നൽകിയ മറുപടിയിൽ ഈ വർഷം തന്നെ പണി പൂർത്തിയാക്കാൻ നിർദേശം നൽകുന്നതാണെന്നും അല്ലാത്ത പക്ഷം പണം തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.പഠന മുറി നിർമ്മാണം പൂർത്തിയാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-14 കടമുറികൾ ലേലം ചെയ്യാത്തത് സംബന്ധിച്ച്

താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചപ്പോൾ ബ്ളോക്കിന്റെ അധീനതയിലുള്ള ചുവടെ കൊടുത്ത കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നതായി കണ്ടു.

കട മുറി നമ്പർ	കട മുറി ഒഴിവായ തിയതി
4	30.01.2023
FF1	28.02.2023
FF3	28.02.2023

മേൽ കട മുറികൾ ലേലം ചെയ്യാൻ നടപടികൾ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 10/16.08.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ കടമുറികൾ ലേലം ചെയ്ത് വാടകയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 വനിതാ സ്വയം സഹായ സംഘങ്ങൾക്ക് സബ്സിഡി- അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട്: 122/23 വനിതാ സ്വയം സഹായ യൂണിറ്റുകൾക്ക് തൊഴിൽ സംരംഭം

അടങ്കൽ : 18,50,000/- (Plan General)+4,62,500(Benificiary Contribution)

ചെലവ് : 13,50,000/-(Plan General)

ഇന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം താഴെ പറയുന്ന 5 ഗ്രൂപ്പുകൾക്കു സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് കോസ്റ്റിന്റെ 75% സബ്സിഡി ചുവടെ ചേർത്ത പ്രകാരം നൽകിയിട്ടുണ്ട്.

ക്രമ നമ്പർ	സ്വയം തൊഴിൽ സംരംഭം	പ്രോജക്ട് കോസ്റ്റ്	സബ്സിഡി തുക	ബിൽ നമ്പർ/ തിയ്യതി	വായ്പ അനുവദിച്ച ബാങ്ക്
1	അമൃത ഫുഡ്സ് താനാളൂർ	4,,80,400	2,25,000	03/22-23/ 23.03.2023	Canara Bank
2	എയിംസ് ഗ്രൂപ്പ് ഒഴൂർ - പേപ്പർ കവർ	5,00,000	3,75,000	02/22-23/ 20.03.2023	Kerala Gramin Bank
3	ഫ്രഷ് ആന്റ് ടേസ്റ്റി പെരുമണ്ണ ക്ലാരി	2,05,000	1,53,750	04/22-23/ 27.03.2023	Canara Bank
4	നൂഹ ഫാഷൻ ഒഴൂർ	4,00,000	3,00,000	01/22-23/ 13.03.2023	Canara Bank
5	ചെറു നന്ദനിൽ ഗാർമെന്റ് യൂണിറ്റ് താനാളൂർ	3,95,000	2,96,250	05/22-23/ 30.03.2023	Canara Bank

മേൽ ഗ്രൂപ്പുകളുടെ നിലവിലെ പ്രവർത്തന വിവരം, ബാങ്ക് ലോൺ തിരിച്ചടവിന്റെ വിവരം , ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻകയറി (02/14.08.2023) നൽകിയ പ്രകാരം ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 2 സ്വയം സഹായ സംഘങ്ങളുടെ ലോൺ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്തിട്ടുള്ളതായി കണ്ടു. വിശദ വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	സ്വയം തൊഴിൽ സംരംഭം	സ്വയം തൊഴിൽ സംരംഭം ആരംഭിച്ച തിയ്യതി	ലോൺ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക
1	അമൃത ഫുഡ്സ് താനാളൂർ	10.04.2023	Nil (AS On 27.042023)
2	എയിംസ് ഗ്രൂപ്പ് ഒഴൂർ - പേപ്പർ കവർ	24.05.2023	വിവരം ലഭ്യമല്ല

3	ഫ്രഷ് ആന്റ് ടേസ്റ്റി പെരുമണ്ണ ക്ലാരി	24.04.2023	25485(As On 17.08.2023)
4	നൂഹ ഫാഷൻ ഒഴൂർ	18.04.2023	വിവരം ലഭ്യമല്ല
5	ചെറു നന്ദനിൽ ഗാർമൈന്റ് യൂണിറ്റ് താനാളൂർ	13.07.2023	Nil (As On 12.04.2023)

ഗ്രൂപ്പുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതും ഗ്രൂപ്പുകളുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

1-16 മത്സ്യത്തൊഴിലാളികൾക്ക് ഗിൽനെറ്റ് നൽകൽ- അനുബന്ധരേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട്: 130/23 മത്സ്യത്തൊഴിലാളികൾക്ക് ഗിൽനെറ്റ് നൽകൽ

അടങ്കൽ : 510000/- (Plan General)+170000(Benificiary Contribution)

ചെലവ് : 495000/-(Plan General)+165000/- (Benificiary Contribution)

ബിൽ നമ്പർ : 1. JB 1/22-23/27.03.2023 (4,50,000/-) (പ്ലാൻ ജനറൽ)

2. JB 2/22-23/28.03.2023 (45,000/-) (പ്ലാൻ ജനറൽ)

3. ചെക്ക് നമ്പർ : 3693858/27.03.2023 (1,50,000/-) (ഗുണഭോക്തൃ വിഹിതം)

4.ചെക്ക് നമ്പർ : 3693860/27.03.2023 (15,000/-) (ഗുണഭോക്തൃ വിഹിതം)

അഗ്രിക്കൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം 33മത്സ്യത്തൊഴിലാളികൾക്ക് ഗിൽനെറ്റ് വാങ്ങി നൽകിയിട്ടുണ്ട്. 5000/- രൂപ ഗുണഭോക്തൃ വിഹിതമിനത്തിലും 15000/- രൂപ സബ്സിഡി ഇനത്തിലും ഉൾപ്പെടെ ആകെ 20,000/-രൂപ നൽകിയാണ് മത്സ്യ ഫെഡിന്റെ വ്യാസാ സ്റ്റോറിൽ നിന്നും ഗിൽനെറ്റ് വാങ്ങിയിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ (കൈ) 115/2022 തസ്വഭവ തിയ്യതി. 28.05.2022 പ്രകാരം ഗിൽനെറ്റ് വാങ്ങുന്നതിന് 75% സബ്സിഡി(പരമാവധി 15000/- രൂപ) അനുവദനീയമാണ് . രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും, രജിസ്ട്രേഷനും ലൈസൻസുമുള്ള പരമ്പരാഗത വള്ളത്തിന്റെയോ കട്ടമരത്തിന്റെയോ ഉടമസ്ഥനും ആയവരെയാണ് ഗുണഭോക്താവായി തെരെഞ്ഞെടുക്കേണ്ടതെന്നും നാല് വർഷത്തിൽ ഒരിക്കൽ മാത്രമേ ഈ സഹായം അനുവദനീയമായിട്ടുള്ളൂ എന്നും മേൽ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് നിർവ്വണത്തിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

(1) ആനുകൂല്യം കൈപ്പറ്റിയ 13 ഗുണഭോക്താക്കൾക്ക് വള്ളം രജിസ്ട്രേഷനായി നൽകിയിട്ടുണ്ടെന്ന ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. മേൽ ഗുണഭോക്താക്കളുടെ വള്ളം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (03/14.08.2023) 10 പേരുടെ വള്ളം രജിസ്റ്റർ ചെയ്തതിന്റെ നമ്പറും തിയ്യതിയും ലഭ്യമാക്കി . പരിശോധനക്ക് ലഭ്യമാക്കാതിരുന്ന താഴെ പറയുന്നവരുടെ രജിസ്ട്രേഷൻ രേഖകൾ കൂടി ലഭ്യമാക്കേണ്ടതാണ്.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്
1	അഫ്സൽ റഹ്മാൻ കുഞ്ഞാരക്കടവത്ത്
2	മുഹമ്മദലി കടവുണ്ടി പുരക്കൽ
3	നവാസ് പള്ളിക്കൽ

രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക ₹45000 രൂപ (15000*3) തടസ്സം ചെയ്യുന്നു.

(2) ആനുകൂല്യം നൽകിയവരുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെന്ന മറുപടിയാണ് നൽകിയത്. ആനുകൂല്യം കൈപ്പറ്റിയവരുടെ വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ഭാവിയിൽ ഇതേ പ്രോജക്ടു പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുമ്പോൾ നാളിതുവരെ ആനുകൂല്യം ലഭിക്കാത്തവർക്ക് മുൻഗണന നൽകേണ്ടതുമാണ്.

1-17 സിസിടിവി സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രൊജെക്ട് നമ്പർ/പേര്: 90/23 വളവന്നൂർ സിഎച്ച്സിയിൽ സിസിടിവി സ്ഥാപിക്കൽ

അടങ്കൽ : 3,06,000/- രൂപ MG(NR)

ചെലവ് :3,05,900/- രൂപ (Bill No. 36/22-23/31.03.2023)

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, സിഎച്ച്സി വളവന്നൂർ

സി എച്ച് സി യിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സി സി ടി വി സ്ഥാപിക്കുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തിരുന്നത്. പ്രോജക്ടിനായി പി ഡബ്ലു ഡി ഇലക്ട്രോണിക്സ് അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് (PWD /BLDG/EST/3266/2023_7_1_1) പ്രകാരം 3,05,900/- രൂപയാണ് അടങ്കൽ തുക കണക്കാക്കിയിട്ടുള്ളത്. പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കി, ഭരണാനുമതിയുടെ പകർപ്പ് സഹിതം എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി പാലക്കാട് പി ഡബ്ലു ഡി ഇലക്ട്രോണിക്സ് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകുന്നതിനും ഡെപ്പോസിറ്റ് പ്രവർത്തിയായി നിർവ്വഹിക്കുന്നതിനായി തുക തൃശ്ശൂർ പി ഡബ്ലു ഡി ഇലക്ട്രോണിക്സ് അസിസ്റ്റന്റ് എഞ്ചിനീയറുടെ (DDO Code 130159B004) 8443-00-108 PW Deposit എന്ന ശീർഷകത്തിൽ നിക്ഷേപിക്കുന്നതിനും മഞ്ചേരി പി ഡബ്ലു ഡി ഇലക്ട്രോണിക്സ് അസിസ്റ്റന്റ് എഞ്ചിനീയറുടെ 24.02.2023 ലെ EC/MJI/W 123/2022-23 നമ്പർ കത്തിൽ ആവശ്യപ്പെട്ടിരുന്നു. തുക കൈമാറുന്നതിന് ശ്രമിച്ചെങ്കിലും സാംഖ്യ വഴി ഈ ശീർഷകത്തിലേക്ക് തുക കൈമാറാൻ കഴിയാത്തതിനാൽ മെഡിക്കൽ ഓഫീസറുടെ കനറാ ബാങ്കിലുള്ള എച്ച് എം സി ഫണ്ടിലേക്ക് (A/C No. 0836101046024) തുക മാറ്റിയിടുകയാണ് ചെയ്തത്. നാളിതു വരെയും തുക തൃശ്ശൂർ പി ഡബ്ലു ഡി ഇലക്ട്രോണിക്സ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടില്ല.

പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ , പദ്ധതി പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (05/16.08.2023) ETR 5 മുഖേന ഫണ്ട് കൈമാറ്റം ചെയ്യുന്നതിനായി ഹെഡ് ഓഫ് അക്കൗണ്ട് മാപ്പ് ചെയ്തു കിട്ടുന്നതിനായി മേലാപ്പീസ് മുഖേന അപേക്ഷ നൽകിയിട്ടുണ്ടെന്നും ആയതു ലഭ്യമാവുന്ന മുറക്ക് തുക കൈമാറുന്നതാണെന്നും മറുപടി നൽകി. പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി , പ്രവൃത്തി പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ്. ചെലവു തുക 3,05,900/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-18 മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.

2022-23 വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച വിവിധ പദ്ധതികളിലായി മരുന്നു വാങ്ങുന്നതിന് തുക മുൻകൂറായി KMSCL ന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട്	പ്രൊഫോർമ ഇൻവോയ്സ് നം	മുൻകൂർ നൽകിയ തുക		ബിൽ നമ്പർ / തിയ്യതി	ലഭ്യമാക്കിയ മരുന്നിന്റെ വില	ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നിന്റെ വില
1	15/23 വളവന്നൂർ സി എച്ച് സി ഡായാലിസിസ് സെന്ററിനു ഡായാലിസിസ് കിറ്റ്	2484/ 22.11.2022	700000	Plan General	22/22-23/ 22.12.2022	0	700000
2	16/23 വളവന്നൂർ സി എച്ച് സി യിലേക്ക് മരുന്നു വാങ്ങൽ	2511/ 23.11.2022	700000	MG (NR)	21/22-23/ 23.11.2022	0	700000

മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (6/16.08.2023) മരുന്നുകൾ ലഭ്യമാക്കുന്നതിനായി KMSCLനെ അറിയിച്ചിട്ടുണ്ടെന്ന മറുപടിയാണ് നൽകിയത്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 ബ്ലോക്ക് തല പെയിൻ പാലിയേറ്റിവ് കെയർ പദ്ധതി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജെക്ട് : 17/23 ബ്ലോക്ക് തല പെയിൻ പാലിയേറ്റിവ് കെയർ പദ്ധതി

അടങ്കൽ : 8,00,000/- രൂപ വികസനഫണ്ട്

ചെലവ് : 7,96,089/- രൂപ

നിർവഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, സിഎച്ച്സി വളവന്നൂർ

സ.ഉ (സാധ)നം 553/19 തസ്വഭവ തി. 7.3.19 പ്രകാരം പാലിയേറ്റിവ് പരിചരണങ്ങൾ സംബന്ധിച്ച പരിഷ്ക്കരിച്ച മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്

1) മേൽ ഉത്തരവ് ഖ.2.2 പ്രകാരം ദീർഘകാലപരിചരണം ആവശ്യമായ രോഗികളുടെ വിവരങ്ങൾ രേഖപ്പെടുത്തി വാർഡടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.എന്നാൽ അപ്രകാരമുള്ള ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2)മേൽ ഉത്തരവ് ഖ.2.9.1 പ്രകാരം പാലിയേറ്റിവ് പദ്ധതികളുടെ നടത്തിപ്പിനും മേൽനോട്ടത്തിനും ഓരോ സാമ്പത്തിക വർഷത്തിലും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർ പേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും 2 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഓരോ മാസത്തെ വരവ് ചെലവ് കമക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പിഎംസി ആയത് അംഗീകരിക്കേണ്ടതുമാണ്. പി എംസി മിനുട്ട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3) സെക്കൻഡറി പാലിയേറ്റിവ് പരിചരണത്തിനായി വാഹനം വാടകയ്ക്ക് എടുത്തതിൽ ഡ്രൈവർ ശ്രീ മമ്മു എന്നയാൾക്ക് 1,59,600(08/22 Onwards) രൂപ നൽകിയിട്ടുണ്ട്. ആദായനികുതി നിയമം സെക്ഷൻ 194C പ്രകാരം ട്രാൻസ്പോർട്ട് കോൺട്രാക്ടർക്കു നൽകുന്ന തുക പ്രതിവർഷം 1 ലക്ഷം രൂപയ്ക്ക് മുകളിലാണെങ്കിൽ 1% ആദായനികുതി സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതാണ്. ആദായനികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

4) മേൽ ഉത്തരവ് ഖണ്ഡിക 2.6.5 പ്രകാരം ഹോംകെയർ ദിനങ്ങളിൽ ഹോംകെയർ ടീമിന് പരമാവധി 6പേർക്ക് ഭക്ഷണചെലവിന് , മുഴുവൻ സമയവും പങ്കെടുക്കുന്ന ഒരാൾക്ക് പ്രതിദിനം 80രൂപ നിരക്കിൽ ചെലവഴിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് തല പാലിയേറ്റീവ് ടീമിന് ഹോംകെയർ ദിനങ്ങളിൽ , ടീം മെമ്പേഴ്സിന്റെ എണ്ണം പരിഗണിക്കാതെ പ്രതിദിനം 250/- രൂപ നിരക്കിൽ ഭക്ഷണചെലവ് അനുവദിക്കുകയാണ് ചെയ്തത്. ഹോം കെയർ വിസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പല ദിവസങ്ങളിലും 2പേർ മാത്രമാണ് ടീമിൽ ഉണ്ടായിരുന്നത്. ഇത്തരത്തിൽ അധികം നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

മാസം	ബിൽ നമ്പർ / തിയ്യതി / തുക	ഭക്ഷണാവശ്യത്തിനായി അനുവദിച്ച തുക	ടീമിൽ പങ്കെടുത്തവരുടെ എണ്ണം	അനുവദനീയമായ തുക (@80per Head)	അധികം നൽകിയ തുക
മാർച്ച് 2022	03/22-23/24.05.2022/ 13500	2500	22	1760	740
4/22	04/22-23/04.06.2022/ 14500	2500	23	1840	660

5/22	06/22-23/10.06.2022/14500	2500	22	1760	740
6/22	08/22-23/12.08.2022/14500	2500	25	2000	500
7/22	10/22-23/04.09.2022/13050	2250	25	2000	250
8/22	12/22-23/19.09.2022/29000	5000	51	4080	920
9/22	15/22-23/12.10.2022/27550	4750	44	3520	1230
10/22	16/22-23/09.11.2022/29000	5000	50	4000	1000
11/22	20/22-23/14.12.2022/29000	5000	53	4240	760
12/22	24/22-23/23.01.2023/27550	4750	56	4480	270
1/23	25/22-23/02.02.2023/26100	4500	52	4160	340
2/23	28/22-23/14.03.2023/24650	4250	50	4000	250
					7660

അധികം നൽകിയ തുക തിരിച്ചടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5)മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല

KMSCL ൽ നിന്നും ലഭ്യമായ പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF 2332/17.11.2023 പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി 99996/-രൂപ മുൻകൂർ നൽകിയിട്ടുണ്ട്.(ബിൽ നമ്പർ 19/22-23/14.12.2022 / 199993). എന്നാൽ ₹41,539 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതു വരെയായി ലഭ്യമായത്. മുൻകൂർ നൽകിയ തുകക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ആയത് സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻകെയറി 17 /22-23/18.08.2023)

1-20 ബയോമെട്രിക് പഞ്ചിംഗ് സംവിധാനം- സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട്: 151/23 എ.ഇ.ബി.എസ് സംവിധാനം നടപ്പാക്കൽ

അടങ്കൽ : 100000(തനത് ഫണ്ട്)

ചെലവ് : 27877/- (ചെക്ക് നമ്പർ 3693857/27.03.2023)

2022-23 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ആരംഭിക്കുന്നതിന് ഗ്രാമവികസന കമ്മീഷണറുടെ 10.03.2023ലെ 4317/പി.എം2/2022/സി.ആർ.ഡി നമ്പർ കത്ത് പ്രകാരം കെൽട്രോണിന് ചെലവ് തുകയുടെ 50% അതായത് 27877/ രൂപ മുൻകൂർ ആയി നൽകിയിട്ടുണ്ട്. ഐഡി കാർഡുകളും പഞ്ചിംഗ് മെഷീൻ അടക്കമുള്ള അനുബന്ധ സംവിധാനങ്ങളും സ്ഥാപിക്കുന്നതിനായാണ് തുക നൽകിയിട്ടുള്ളത്. പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (18 /22-23/17.08.2023) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പൂർത്തീകരിക്കുന്നതു വരെ ചെലവു തുക ₹27877 രൂപ തടസ്സം ചെയ്യുന്നു.

1-21 പദ്ധതി ഉപേക്ഷിച്ചു- മുൻകൂർ നൽകിയ തുക ക്രമീകരിച്ചില്ല

പ്രൊജെക്ട് : 34/23 ചോലക്കാട്ടിൽ മൊയ്തുട്ടിഹാജി സ്മാരക അങ്കണവാടി നമ്പർ 62 നിർമ്മാണം - പൊൻമുണ്ടം ഗ്രാമ പഞ്ചായത്ത് (എംജിഎൻആർഇജിഎസ് കൺവേർജൻസ്)

അടങ്കൽ : 2,85,751 രൂപ ധനകാര്യ കമ്മീഷൻ അവാർഡ് + 7,00,000/- കേന്ദ്രാവിഷ്കൃത ഫണ്ട്

ചെലവ് : 2,85,751 രൂപ ധനകാര്യ കമ്മീഷൻ അവാർഡ്

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി , താനൂർ ബ്ലോക്ക് പഞ്ചായത്ത്

മേൽ പദ്ധതി 2021-22 വർഷത്തിൽ അംഗീകാരം നേടിയ 109/22പ്രോജക്ടിന്റെ സ്പിൽ ഓവർ പദ്ധതിയാണ്. പദ്ധതിക്കായി 2,85,751 രൂപ (വൗച്ചർ നമ്പർ /XVFC/2021-22/P/19/ 31.03.2022) (ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലെ ചെലവ് 31.03.2022 ൽ തന്നെ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് സുലേഖയിൽ ചെലവു കാണിക്കുന്നത് 2022-23 സമ്പത്തിക വർഷം ആണ്.) MGNREGS മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് അയച്ചു നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവർത്തിക്ക് മൂന്നു പ്രാവശ്യം ടെണ്ടർ ക്ഷണിച്ചുവെങ്കിലും ആരും ഏറ്റെടുക്കാൻ തയ്യാറല്ലാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചതായി പൊൻമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 06.03.2023 ലെ 5(2) തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി മുൻകൂർ നൽകിയ തുക നാളിതു വരെയായി ക്രമീകരിക്കുകയോ തിരികെ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (19/22-23/18.08.2023) മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ ലഭ്യമാവുന്നതു വരെ ചെലവു തുക ₹2,85,751 രൂപ തടസ്സത്തിൽ വെക്കുന്നു.

1-22 ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹിച്ച PMAY പദ്ധതികൾ പ്രകാരം വിവിധ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി തുക കൈമാറിയിട്ടുണ്ട്. താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം നാളിതു വരെ ആയി പൂർത്തീകരിച്ചതായി കാണുന്നില്ല.

ക്രമ നമ്പർ	ഗുണഭോക്താവ്	ഗ്രാമ പഞ്ചായത്ത്	ആദ്യ ഗഡു കൈപ്പറ്റിയ തിയ്യതി	നാളിതു വരെയായി കൈപ്പറ്റിയ തുക	റിമാർക്ക്
1	കോമളവല്ലി കോലത്തു പറമ്പിൽ	ചെറിയമുണ്ടം	14.01.2022	3,06,000	
2	അനില മുക്കടയിൽ	നിറമരുതൂർ	18.10.2021	3,06,000	
3	ദിവ്യ മൂത്താട്ട്	നിറമരുതൂർ	14.01.2022	3,06,000	
4	ഫാത്തിമ്മ തെക്കയിൽ	നിറമരുതൂർ	24.09.2020	3,06,000	
5	ജമീല വെള്ളോട്ടിൽ	നിറമരുതൂർ	14.01.2022	2,08,000	
6	ഖൈറുന്നീസ കാക്കാന്റെ പുരക്കൽ	നിറമരുതൂർ	25.10.2021	3,06,000	
7	റീന തോട്ടായി പറമ്പിൽ	നിറമരുതൂർ	14.01.2022	3,06,000	
8	ഷൈനി മൂത്താട്ട്	നിറമരുതൂർ	14.01.2022	3,06,000	
9	ഷീജാമോൾ തറയിൽ	നിറമരുതൂർ	08.04.2022	2,08,000	
10	സുജാത എരഞ്ഞിക്കൽ	നിറമരുതൂർ	18.10.2021	3,06,000	
11	സുജാത മുക്കടിയിൽ	നിറമരുതൂർ	14.01.2021	3,06,000	
12	കാളി നാലുകണ്ടത്തിൽ	ഒഴൂർ	07.03.2022	48,000	അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നാളിതുവരെയായി ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല
13	സുനിത മണ്ണാത്തു പടി വീട്	പൊൻമുണ്ടം	07.03.2022	2,78,000	
14	കലങ്ങോടി വടക്കുമ്പാട്ട്	താനാളൂർ	05.04.2022	2,08,000	

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (20/22-23/18.08.2023) മറുപടി ലഭ്യമാക്കിയില്ല. ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 അംഗൻവാടികൾക്ക് പോഷകത്തോട്ടം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട്: 104/22 അംഗൻവാടികൾക്ക് പോഷകത്തോട്ടം- പഠനത്തോടൊപ്പം കൃഷി- ഞങ്ങളും കൃഷിയിലേക്ക്

അടങ്കൽ : 1280000/- (Plan General)

ചെലവ് : 1279455/-(Plan General)

1. JB 3/22-23/28.03.2023 : 3,99,830/-

2. JB 4/22-23/28.03.2023 : 3,99,830/-

3. JB 5/22-23/28.03.2023 : 4,79,795/-

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം 32അങ്കൺവാടികൾക്ക് ഒരു അങ്കൺവാടിയിലേക്ക് 20 HDPE ചട്ടികൾ (10ഇഞ്ച് ഉയരം, 10-12 ഇഞ്ച് വ്യാസം, 5mm കനം, 5 വർഷം ഗ്യാരണ്ടി, പോട്ടിംഗ് മിശ്രിതം നിറച്ചത്) വീതം ആകെ 640 ചട്ടികളും അതിലേക്ക് ആവശ്യമായ വിത്ത്, വളം , 20മീറ്റർ സ്കയർ ഏരിയയിലെ 20 ചെടികൾക്കായി 200മൈക്രോൺ സൈസുള്ള UV ഷീറ്റ് ഉപയോഗിച്ചുള്ള മഴമറയും(GI പൈപ്പ് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്തത്), കണികാ ജലസേചന സൗകര്യത്തിനു വേണ്ട ഉപാധികളും(16mm 40mm PVC 1.5 4 LHP ODLP DRIP) തൈകൾ നിർമ്മിക്കാനാവശ്യമായ ട്രേകളും സ്റ്റാന്റും ,റോസ്കാൻ(5 ലിറ്റർ കപ്പാസിറ്റി), സ്പ്രെയർ(5 ലിറ്റർ കപ്പാസിറ്റി), മൺവെട്ടി എന്നിവയാണ് നൽകിയിട്ടുള്ളത്.

പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ഒരോ ഇനത്തിനും ടെണ്ടർ ക്ഷണിക്കാതെ മൊത്തത്തിൽ ടെണ്ടർ ക്ഷണിക്കുകയാണ് ചെയ്തത്. ഇതിൽ 32 യൂണിറ്റിന് 12,79,456/- രൂപ കാട്ട് ചെയ്ത KAICO Wandoor നു ടെണ്ടർ നൽകുകയും ചെയ്തു. (ഒരു യൂണിറ്റിന് @ ₹39983 രൂപ) തുടർന്ന് KAICO Wandoor മായി 2023 March 16നു കരാർ വെക്കുകയും 31.03.2023നകം പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ KAICO സമർപ്പിച്ച നിരക്ക് പ്രോജക്ടിലെ വിവിധ ഘടകങ്ങൾക്ക് കൃഷി വകുപ്പിന്റെ സ്കീം/സബ്സിഡി മാർഗ്ഗ രേഖ/മാർക്കറ്റ് എന്നിവ പ്രകാരമുള്ള നിരക്കുകളുമായി താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ ഉയർന്ന നിരക്കാണെന്ന് കണ്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

	KAICO യുടെ ബിൽ പ്രകാരം ഒരു യൂണിറ്റിന് ടാക്സ് ഉൾപ്പെടെ വന്ന ചെലവ്	കൃഷി വകുപ്പിന്റെ സ്കീം/സബ്സിഡി മാർഗ്ഗ രേഖ/മാർക്കറ്റ് എന്നിവ പ്രകാരമുള്ള നിരക്ക്

ക്രമ നമ്പർ	ഇനം	തുക	വിവരണം	തുക
1	20 HDPE ചട്ടി	2800	ടെണ്ടർ നിരക്ക് പ്രകാരം	2800
2	പോട്ടിംഗ് മിശ്രിതം	2235	ടെണ്ടർ നിരക്ക് പ്രകാരം	2235
3	മഴമറ	15162	കൃഷി വകുപ്പിന്റെ സ്കീം(Order No. ADFW/3000/2021-TP2 Dated 23.04.2021 Of Director Of Agriculture) പ്രകാരം 100 മീറ്റർ സ്കയറിൽ മഴമറ സ്ഥാപിക്കുന്നതിനായി ലേബർ അടക്കം 67000/- രൂപ. ആയതിനാൽ 20 M2 ന് @13400. പരമാവധി 15000	15000
4	Drip Irrigation Devices	14230	സബ്സിഡി മാർഗ്ഗരേഖപ്രകാരം സ.ഉ. (കൈ) 115/2022/ തസ്വഭവ തിയ്യതി 28.05.2022 ഖണ്ഡിക പ്രകാരം 6.1.35 പ്രകാരം ഒരു സെന്റിന് (40.46 M2) , കണിക ജലസേചനത്തിന് 7500/-	7500
5	Rose Can 5 Ltr - 1	2778	സ്പ്രേയറിൽ പ്രിന്റ് ചെയ്ത മാർക്കറ്റ് നിരക്ക്	800
	Sprayer 5 Litre -1		ഫീൽഡ് പരിശോധന പ്രകാരം മതിപ്പ് വില	500
	Hoe -1		ഫീൽഡ് പരിശോധന പ്രകാരം മതിപ്പ് വില	500
6	Tray And Tray Stand	2636	ഫീൽഡ് പരിശോധന പ്രകാരം മതിപ്പ് വില	2000
		39841		30535

മേൽ വസ്തുതകളിൽ നിന്നും കോൺട്രാക്ടറുടെ ലാഭവിഹിതം (10%) ഉൾപ്പെടെ ആകെ 33588 രൂപ മാത്രമെ ഒരു യൂണിറ്റിന് പരമാവധി ചെലവ് വരുന്നുള്ളു എന്ന് വ്യക്തമാണ്. ടെണ്ടർ ക്ഷണിച്ചതിലെയും ലഭിച്ച ടെണ്ടറുകൾ വിലയിരുത്തിയതിലെയും അപാകത മൂലമാണ് അധിക നിരക്ക് അംഗീകരിക്കാൻ ഇടയായിട്ടുള്ളതെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (21 /22-23/14.08.2023) മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ നിർവ്വഹണം നടത്തുമ്പോൾ സബ്സിഡി മാർഗ്ഗരേഖയും, അനുബന്ധ ഉത്തരവുകളും പാലിച്ച് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-24 കംപ്യൂട്ടർ സെന്റർ പ്രവർത്തനത്തിലെ അപാകതകൾ

23.05.2022 തിയതിയിലെ 4/1 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കമ്പ്യൂട്ടർ സെന്ററിലേയും ടൈലറിംഗ് സെന്ററിലെയും ലഭ്യമായിട്ടുള്ള കോഴ്സുകളുടെ കാലാവധിയും ഫീസ് ഘടനയും ചുവടെ കൊടുക്കും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

കംപ്യൂട്ടർ സെന്റർ

കോഴ്സിന്റെ പേര്	ഡ്യൂറേഷൻ ഓഫ് കോഴ്സ്	ഫീസ്
അഡ്മിഷൻ ഫീസ്		300
ഡി.ടി.പി	3 Months	3500
എം.എസ്.ഓഫീസ്	1 Month	1500
സിംഗിൾ കോഴ്സ്	1 Month	1200
ടാലി	2 Months	3100
ഡാറ്റാ എൻട്രി	2 Months	2800

ടൈലറിംഗ് സെന്റർ

1. അഡ്മിഷൻ ഫീസ് -250

2.ടൈലറിംഗ്-400/-Per Month

3. എംബ്രോയ്ഡറി 600/-Per Month

4. ഇലക്ട്രിക് മെഷീൻ എംബ്രോയ്ഡറി-1500/- Per Month

1.ടൈലറിംഗ് സെന്ററുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

അഡ്മിഷൻ രജിസ്റ്റർ പ്രകാരം 2022-2023 വർഷത്തിൽ 64 പേർ അഡ്മിഷൻ എടുത്തിട്ടുണ്ട്.ആയത് പ്രകാരം അഡ്മിഷൻ ഫീസ് ഇനത്തിൽ 16000/- രൂപ വരവ് വരേണ്ടതാണ്.

അതുപോലെ ഹാജർ രജിസ്റ്റർ പ്രകാരം ഓരോ മാസത്തിലേയും പഠിതാക്കളുടെ എണ്ണവും ഉണ്ടാകേണ്ട വരവും ചുവടെ കൊടുക്കും പ്രകാരമാണ്.

മാസം	പഠിതാക്കളുടെ എണ്ണം	വരവ് ഉണ്ടാകേണ്ട തുക
2022 ജൂൺ	20	8000(20x400)
2022 ജൂലൈ	28	11200(28x400)

2022ആഗസ്റ്റ്	31	12400(31x400)
2022സെപ്റ്റംബർ	33	13200(33x400)
2022 ഒക്ടോബർ	31	12400(31x400)
2022 നവംബർ	38	15200(38x400)
2022ഡിസംബർ	39	15600(39x400)
2023 ജനുവരി	36	14400(36x400)
2023 ഫോബ്രുവരി	39	15600(39x400)
2023മാർച്ച്	34	13600(34x400)
ആകെ		131600

മേൽ പരാമരശിച്ച പ്രകാരം ടൈലറിംഗ് സെന്ററിൽ നിന്നും ഓഡിറ്റ് വർഷം 147600/-(131600+16000) രൂപ തൻ വർഷം വരവ് ഉണ്ടാകേണ്ടതുണ്ട്. എന്നാൽ രസീതി പ്രകാരം 109375/- രൂപ മാത്രമാണ് വരവ് വന്നിട്ടുള്ളത്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

രസീതി നമ്പർ	തീയതി	തുക
1132/12 - 1132/100	17.06.2022-25.10.2022	21050
1135/1- 1135/100	25.10.2022-31.01.2023	42725
1137/1-1137/40	31.01.2023-31.03.2023	45600
ആകെ തുക		109375

വരവിൽ 38225/- രൂപയുടെ കുറവ് കാണുന്നു. പഠിതാക്കളുടെ ഫീസിന്റെ അടവ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വരവിൽ സംഭവിച്ച വ്യത്യാസത്തിന് കാരണം വ്യക്തമല്ല. സെന്ററിന്റെ ഡി.സി.ബി തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ മുൻ വർഷത്തെ ബാലൻസും തനത് വർഷത്തിലെ ഡി.സി.ബി വിവരവും ലഭ്യമല്ല

II. കംപ്യൂട്ടർ സെന്ററിന്റെ രേഖകൾ പരിശോധിച്ചപ്പോൾ കോഴ്സിന് അറ്റന്റൻസ് രേഖപ്പെടുത്തിയ പഠിതാക്കളിൽ നിന്ന് കോഴ്സ് ഫീ മുഴുവനായി കളക്ട് ചെയ്തിട്ടില്ല എന്ന് കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

കോഴ്സ്	ഡ്യൂറേഷൻ & ഫീസ്	പഠിതാവിന്റെ പേര്	ഫീസ് കളക്ട് ചെയ്തതിന്റെ വിവരം	കളക്ട് ചെയ്യാൻ അവശേഷിക്കുന്ന തുക
ടാലി	2 Months/ 3100/-	ബിജിഷ.കെ (അഡ്മിഷൻ 14.11.2022)	12.12.2022-500/- 28.03.2023-500/- 09.05.2023-500/-	1600/-
ടാലി	2 Months/ 3100/-	അനൽ.കെ (അഡ്മിഷൻ 04.04.2023)	04.04.2023-500/- 12.06.2023-1000/-	1600/-
ഡി.ടി.പി	3 Months 3500/-	നിത .ടി (അഡ്മിഷൻ 14.11.2022)	23.11.2022-300/- 14.01.23-500/- 18.03.23-500/-	2200/-
ഡി.ടി.പി	3 Months 3500/-	രമേഷ്.ടി (അഡ്മിഷൻ 14.11.2022)	23.11.2022-300/- 14.01.2023-500/-	2700/-
എം.എസ്.ഓഫീസ്	1 Month 1500/-	പ്രണവ്.പി.കെ (അഡ്മിഷൻ 06.06.2022)	06.06.2022-300/- 12.08.2022-500/-	700/-
എം.എസ്.ഓഫീസ്	1 Month 1500/-	വൈഷ്ണവ്.എം (അഡ്മിഷൻ 27.01.2023)	30.01.2023-500/-12.06.2023-500/-	500/-
എം.എസ്.ഓഫീസ്	1 Month 1500/-	ആരോഹണ(അഡ്മിഷൻ 29.03.2023)	30.03.2023-500/- 12.06.2023-500/-	500/-
എം.എസ്.ഓഫീസ്	1 Month 1500/-	ഷാരോൺ (അഡ്മിഷൻ 04.04.2023)	04.04.2023-500/- 12.06.2023-500/-	500/-

സ്ഥാപനത്തിന്റെ ഡി.സി.ബി തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ മുൻ വർഷ ബാലൻസും തൻവർഷ ഡി.സി.ബി വിവരവും ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 23/18.08.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.സ്ഥാപനത്തിന് ഫീസിനത്തിൽ കുറവ് വന്ന തുക ഈടാക്കേണ്ടതും ഓഡിറ്റ് പരാമർശത്തിന് വിശദമായ മറുപടി ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഫീസിനത്തിൽ ലഭിക്കാനുള്ള തുകകൾ പിരിച്ചെടുക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

1-25 പദ്ധതി രൂപീകരണ മാർഗ്ഗരേഖ പൂർണ്ണമായി പാലിക്കാതെ പദ്ധതി തയ്യാറാക്കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ 2022-23 മുതൽ 2026-27 വരെയുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ GO(MS)84/2022/LSGD Dt 19.04.2022, നം സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് പ്രകാരം 2022-23 മുതൽ 2026-27 വരെയുള്ള വർഷങ്ങളിൽ വാർഷിക പദ്ധതികൾ തയ്യാറാക്കി അംഗീകാരം നേടുന്നതിന് താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1 ന് മുൻപ് ആസൂത്രണ സമിതി പുന:സംഘടിപ്പിക്കേണ്ടതാണ്. ആസൂത്രണ സമിതിയിൽ അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, കൺവീനർ എന്നിവരുൾപ്പെടെ 12അംഗങ്ങളാണ് വേണ്ടത്. പ്രോജക്കുകൾ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിന് ആവശ്യമായ സഹായം നൽകുക, പദ്ധതി ആസൂത്രണത്തിനുള്ള സമയക്രമം പാലിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നിവ ആസൂത്രണ സമിതിയുടെ ചുമതലകളാണ്.

2. വർക്കിംഗ് ഗ്രൂപ്പുകൾ അതാത് വർഷം നവംബർ 1നു മുൻപായി ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്ന 13 വർക്കിംഗ് ഗ്രൂപ്പുകളാണ് ബ്ലോക്ക് തലത്തിൽ വേണ്ടത്. വർക്കിംഗ് ഗ്രൂപ്പിൽ 10 മുതൽ 15 വരെയുള്ള അംഗങ്ങൾ ആകാവുന്നതാണ്. പദ്ധതി നിർവ്വഹണത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവത്സരപദ്ധതി രൂപവൽക്കരണത്തിന് മുന്നോടിയായി അവസ്ഥാ രേഖ തയ്യാറാക്കുന്നതിനും വികസനരേഖ പരിഷ്കരിക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് (കൈ)നം. 275/2021/തസ്വഭവ 26.11.2021 പ്രകാരം നൽകിയിട്ടുള്ളതാണ്. അപ്രകാരം തയ്യാറാക്കപ്പെട്ട അവസ്ഥാരേഖയേയും വികസന രേഖയേയും അടിസ്ഥാനമാക്കി പൊതുജനങ്ങളിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.

3. ഗ്രാമ പഞ്ചായത്തിലെ ഗ്രാമസഭകൾക്കു സമാനമായി ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ ജനപ്രതിനിധികളെയും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ജില്ലാ പഞ്ചായത്തിലേയും ഗ്രാമ പഞ്ചായത്തിലേയും ജനപ്രതിനിധികളേയും ഗ്രാമ പഞ്ചായത്തിലെ ആസൂത്രണ സമിതി ഉപാധ്യക്ഷൻമാരേയും ബ്ലോക്ക് പരിധിയിലെ വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരേയും പങ്കെടുപ്പിച്ചു കൊണ്ടുള്ള യോഗം ഗ്രാമ പഞ്ചയത്തിലെ ഗ്രാമസഭകൾ പൂർത്തിയായതിനു ശേഷം നടത്തേണ്ടതും ഈ യോഗത്തിൽ വെച്ച് വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്.

4. ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമസഭാ യോഗത്തിൽ ഉരുത്തിരിഞ്ഞ കരട് പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് ക്രോഡീകരിക്കേണ്ടതും, വികസനസെമിനാറിൽ അവതരിപ്പിക്കേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ , ഗ്രാമ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി അദ്ധ്യക്ഷൻമാർ, ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, ബ്ലോക്ക് തല ആസൂത്രണ സമിതി അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് തല ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻമാർ , ബ്ലോക്ക് പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, സി.ഡി.എസ് അംഗങ്ങൾ, മിഷനുകളുടെ പ്രതിനിധികൾ, സ്റ്റോക്ക് ഹോൾഡർമാർ , പ്രൊഫഷണലുകൾ , വിദഗ്ധർ, സന്നദ്ധപ്രവർത്തകർ എന്നിവരെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടാണ് ബ്ലോക്ക് തല വികസനസെമിനാർ സംഘടിപ്പിക്കേണ്ടത്.

5. വികസന സെമിനാറിനൊപ്പം വികസനരേഖ പൂർണ്ണമാക്കുകയും കരട് വികസനരേഖ/ സംഗ്രഹം വികസന സെമിനാറിൽ വിതരണം ചെയ്യണം.

6. ഗ്രാമ പഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകുന്ന നിർദ്ദേശങ്ങൾ , ഗ്രാമസഭക്കു സമാനമായി ബ്ലോക്ക് പഞ്ചായത്തിൽ സംഘടിപ്പിക്കുന്ന യോഗത്തിലെ ശുപാർശകൾ , ബ്ലോക്ക് പഞ്ചായത്തിലെ വികസന സെമിനാറിൽ അവതരിപ്പിച്ച് രൂപം നൽകുന്ന പദ്ധതി നിർദ്ദേശങ്ങൾ, ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വികസന ആവശ്യങ്ങൾ എന്നിവ പരിഗണിച്ചാണ് ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതി തയ്യാറാക്കേണ്ടത്. ഇത്തരത്തിൽ പദ്ധതി തയ്യാറാക്കുമ്പോൾ ഗ്രാമ പഞ്ചായത്തിലെ പദ്ധതി നിർദ്ദേശങ്ങൾ പരിഗണിച്ച് ആവർത്തനം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. രൂപീകരിച്ച പദ്ധതി രേഖ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്.

മേൽ പറഞ്ഞ പ്രകാരം വിശാലമായ പൊതുജന പങ്കാളിത്തം ഉറപ്പാക്കി ആവശ്യകതക്കനുസരിച്ച് പദ്ധതികൾ തയ്യാറാക്കുമ്പോഴാണ് ബ്ലോക്ക് പഞ്ചായത്തിലെ സമഗ്രമായ വികസനം ഉറപ്പു വരുത്താനാവുന്നത്. എന്നാൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടും ആയവ ലഭ്യമാക്കുകയുണ്ടായില്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. <u>ബ്ലോക്ക് തല ആസൂത്രണ സമിതി പ്രവർത്തന വിവരം ലഭ്യമല്ല</u>

2022-23 വർഷത്തെ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ബ്ലോക്ക് പഞ്ചായത്തിൽ ആസൂത്രണ സമിതി 04.01.2022 ൽ പ്രഥമ യോഗം ചേർന്നതായി മിനുട്ട് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 23 പേരുടെ ഹാജർ വിവരം രേഖപ്പെടുത്തിയതല്ലാതെ മറ്റു തീരുമാനങ്ങൾ മിനുട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണം, നിർവഹണം, വിലയിരുത്തൽ എന്നീ അടിസ്ഥാന ചുമതലകൾ നിറവേറ്റുന്നതിന് നിർണ്ണായക പങ്ക് വഹിക്കുന്ന ആസൂത്രണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

2. <u>ഗ്രാമ സഭ കാര്യ ക്ഷമമായി കൂടുന്നില്ല</u>

ബ്ലോക്ക് പഞ്ചായത്തിന്റെ ഗ്രാമ സഭയിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കരട് പ്രൊജക്ട് നിർദേശങ്ങൾ ചർച്ച ചെയ്യണം. പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന കരട് പ്രൊജക്ട് ഫോറം 6 ൽ തയ്യാറാക്കി ചർച്ചക്ക് നൽകേണ്ടതാണ്.എന്നാൽ 19.01.2022 നും 08.06.2022 നും ചേർന്ന ഗ്രാമസഭയിൽ പഞ്ചായത്ത് തിരിച്ച് പദ്ധതികൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

3. <u>വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം - കാര്യക്ഷമമല്ല</u>

ബ്ലോക്ക് പഞ്ചായത്തിൽ ആകെ 13 വർക്കിംഗ് ഗ്രൂപ്പുകൾ ആണ് രൂപീകരിച്ചത്. 2022-23 വർഷത്തെ പദ്ധതി തയ്യാറാക്കുന്നതിന് ആകെ 2 യോഗം മാത്രമാണ് ചേർന്നത് (18.01.2022, 02.06.2022 തിയ്യതികളിൽ). വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്ട്സ് പരിശോധിച്ചതിൽ മിക്ക വർക്കിംഗ് ഗ്രൂപ്പിന്റെയും മിനുട്ട്സ് ശരിയായി എഴുതിയിട്ടില്ല എന്ന് വ്യക്തമായി. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും വിവര ശേഖരണം നടത്തുന്നതിലും, വർക്കിംഗ് ഗ്രൂപ്പുകളെ ചുമതലപ്പെടുത്തിയ മറ്റ് ചുമതലകൾ നിറവേറ്റുന്നതിലും കാര്യമായ പങ്ക് വർക്കിംഗ് ഗ്രൂപ്പ് വഹിച്ചിട്ടില്ല എന്നാണ് വ്യക്തമാകുന്നത്.

ഏതാനും പ്രൊജക്ടു നിർദ്ദേശങ്ങൾ എഴുതുക മാത്രമാണ് മിക്ക വർക്കിംഗ് ഗ്രൂപ്പുകളും ചെയ്തിട്ടുള്ളത്. ചില വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്ട്സ് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾക്കനുസൃതമായി നടപ്പാക്കാവുന്ന പ്രൊജക്ടുകൾ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ശുപാർശ ചെയ്യുക, കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുക എന്നീ ചുമതലകളും വർക്കിംഗ് ഗ്രൂപ്പ് നിറവേറ്റിയതായി കാണുന്നില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ കാര്യം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കേണ്ടതാണ്.പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റേയും ,കുടിവെള്ളം,ശുചിത്വം വർക്കിംഗ് ഗ്രൂപ്പിന്റേയും 14.06.2022 ലെ മീറ്റിംഗിൽ 3 പേർ മാത്രമേ പങ്കെടുത്തിട്ടുള്ളൂ.

4. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയത് പരിശോധനക്കായി ലഭ്യമാക്കിയില്ല

സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതിന് അടിസ്ഥാനമാക്കിയ നടപടികളുടെയും വിവരശേഖരണത്തിന്റെയും വിവരങ്ങൾ ഒന്നും ലഭ്യമായിട്ടില്ല.

5. വികസന സെമിനാർ - ലക്ഷ്യം നിറവേറുന്നില്ല

ഭരണസമിതി അംഗീകരിച്ച കരട് പദ്ധതി രേഖ ചർച്ച ചെയ്ത് അന്തിമമാക്കുന്നതിന് വികസന സെമിനാർ 14.06.2022 ന് നടക്കുകയുണ്ടായി. വികസന സെമിനാറിൽ പങ്കെടുത്ത അംഗങ്ങളുടെ ഹാജർ രേഖപ്പെടുത്തിയ രജിസ്റ്റർ ലഭ്യമാക്കിയെങ്കിലും വികസന സെമിനാറിലെ ചർച്ചകളും നിർദ്ദേശങ്ങളും ഒന്നും തന്നെ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

രേഖകൾ ലഭ്യമല്ലാത്തതിനാൽ വികസന രേഖ, കരട് പദ്ധതി രേഖ എന്നിവ ചർച്ച ചെയ്ത് ആവശ്യമായ നിർദേശങ്ങൾ നൽകുക എന്ന ലക്ഷ്യം വികസന സെമിനാർ നിറവേറ്റിയോ എന്നത് പരിശോധിക്കാനായിട്ടില്ല.

6. ബ്ലോക്ക് പഞ്ചായത്തിന്റെ തനത് പദ്ധതികൾ രൂപീകരിക്കുമ്പോൾ ഘടകസ്ഥാപനങ്ങളിൽ നിന്നും പദ്ധതി നിർദ്ദേശങ്ങൾ ലഭ്യമാക്കിയതായോ, പദ്ധതികൾ ചർച്ച ചെയ്തതായോ വ്യക്തമാക്കുന്ന രേഖകൾ ഒന്നും തന്നെ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

പദ്ധതി തയ്യാറാക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് ജന പ്രതിനിധികളും, ഉദ്യോഗസ്ഥരും ഒഴികെയുള്ള പൊതു ജനങ്ങളുടെ പങ്കും തയ്യാറാക്കുന്ന പ്രൊജക്ടുകളുടെ ആവശ്യകതയും ഉറപ്പുവരുത്തുന്നതിനായി, പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന വിധത്തിൽ ഒരോ സമിതിക്കും അതിന്റേതായ പ്രാധാന്യം കൊടുത്ത് യോഗങ്ങൾ സംഘടിപ്പിക്കേണ്ടതും ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവരുന്ന പ്രായോഗിക നിർദ്ദേശങ്ങൾ പരിഗണിച്ച പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.ഓഡിറ്റ് എൻകയറി (നം.24/18.08.23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-26 കുടിവെള്ള പദ്ധതികൾ - പ്രവൃത്തികൾ പൂർത്തിയാക്കിയാക്കാൻ അവശേഷിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച താഴെ കൊടുത്ത കുടിവെള്ള പദ്ധതികളുടെ എസ്റ്റിമേറ്റിൽ സിവിൽ വർക്കുകൾക്കും മറ്റ് പ്രവൃത്തികൾക്കും (കുഴൽ കിണർ കുഴിക്കൽ, ഇലക്ട്രിക് വർക്കുകൾക്കും പമ്പ് സെറ്റ് സ്ഥാപിക്കൽ മുതലായവ) തുക വകയിരുത്തിയിരുന്നു. പദ്ധതികൾ പ്രകാരമുള്ള സിവിൽ വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും മറ്റ് വർക്കുകൾ നിർവ്വഹിച്ചിട്ടില്ല.

പ്രൊജക്ടിന്റെ വിവരം	സിവിൽ വർക്കുകൾ നിർവ്വഹിച്ചതിന്റെ വിവരം (ജി.എസ്.ടി ഒഴികെ ചെലവ്)	നിർവ്വഹിക്കാൻ അവശേഥിക്കുന്ന പ്രവൃത്തി-വകയിരുത്തിയ തുക
നം.59/23, കാളാട് ലക്ഷം വീട് കോളനി മിനി കുടിവെള്ള പദ്ധതി പൂർത്തീകരണം. ടി.എസ്.നം-93456/2021-2022 അടങ്കൽ - 600000 (CFC) എം.ബുക്ക് - 11/2022-23 കരാർ-8/AE/18.3.2023 വൗച്ചർ-22200636/16.11.2022	പൈപ്പ് ലൈൻ സ്ഥാപിക്കലും കിണറിന്റെ പ്ലാറ്റ് ഫോം അറ്റകുറ്റപ്പണിയും 227586.08 രൂപ ചെലവഴിച്ച് പൂർത്തിയാക്കിയിട്ടുണ്ട് (ഫൈനൽ ബിൽ).	277500.00 ഇലക്ട്രിഫിക്കേഷൻ
നം.56/23, പരന്നേക്കോട് കോളനി കുടിവെള്ള പദ്ധതി ടി.എസ്.നം-93817/2021-2022 അടങ്കൽ - 816000 (CFC) എം.ബുക്ക് - 16/2022-23 കരാർ-37/AE/18.3.2023 വൗച്ചർ-22200720/29.3.2023	ഓവർ ഹെഡ് ടാങ്ക് സ്ഥാപിക്കുന്നതിനുള്ള സ്ട്രക്ചറിന്റെ പ്രവൃത്തി 451768.00 രൂപ ചെലവഴിച്ച് പൂർത്തിയാക്കിയിട്ടുണ്ട് (ഫൈനൽ ബിൽ).	219000.00 – മോട്ടോർ, ഇലക്ട്രിക് കണക്ഷൻ. 63545.00 - കുഴൽ കിണർ നിർമ്മാണം

പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട് 12/16.8.2023 നമ്പർ ഓഡിറ്റ് എൻകയറി നൽകിയിരുന്നു. ഇതിന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ ഒന്ന് പ്രൊജക്ടിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ 2023-24 ൽ പൂർത്തിയാക്കുമെന്നും ക്രമ നമ്പർ രണ്ട് പ്രൊജക്ടിലെ കുഴൽ കിണർ നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടെന്നും ഇലക്ട്രിഫിക്കേഷൻ പമ്പ് സെറ്റ് സാഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി പ്രയോജനപ്രദമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-27 ഓഡിറ്റ് എൻകയറി നൽകിയതിനെ തുടർന്ന് അപാകത പരിഹരിച്ചു.

വിശദാംശങ്ങൾ താഴെ പട്ടികയിൽ പറയുന്നു.

ക്രമ നം.	ഓഡിറ്റ് എൻകയറി . പ്രൊജക്ട്/വിഷയം	അപാകത	അടവാക്കിയ തുക രസീതി നമ്പർ	അഭിപ്രായം
1	04/14.8.2023 പ്രൊജക്ട് : മഞ്ഞാഴി തോട് പാർശ്വഭിത്തി സംരക്ഷണം രണ്ടാം ഘട്ടം (79/23) അടങ്കൽ : 450000 (പ്ലാൻ.ജന) + 5000 (തനത്) =500000	റോഡരികിൽ ഹാൻഡ് റെയിൽ സ്ഥാപിച്ചതിന് അധിക നിരക്ക് അനുവദിച്ചു	3778 രൂപ 1139/33 19.8.2023	തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.
2	13/17.8.2023 പ്രൊജക്ട് : 49/23, ചെട്ട്യാം കിണർ കരിങ്കപ്പാറ റോഡ് ഡ്രൈനേജ് പൂർത്തീകരണം അടങ്കൽ : 1080000 CFC (Tied)	ഡ്രൈനേജ് ബോട്ടം കോൺക്രീറ്റിന് അധിക നിരക്ക് അനുവദിച്ചു.	**15405** 1139/32 19.8.2023	തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി ചലാന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.
3	പ്രൊജക്ട് : 48/23, മീനടത്തൂർ ഗവ:ഹൈസ്കൂളിന് കിണറും അനുബന്ധ സൗകര്യങ്ങളും അടങ്കൽ : 1000000 CFC (Tied)	കിണറിന് കർബ്/റിംഗ് നിർമ്മിക്കുന്നതിന് അധിക നിരക്ക് അനുവദിച്ചു	5258 1139/32 19.8.2023	തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-28 കുറിയേടത്ത് മുഹമ്മദ് ഹാജി സ്മാരക കുടിവെള്ള പദ്ധതി കിണർ നിർമ്മാണം - അപാകതകൾ

പ്രൊജക്ട് നം.42/23,

ടി.എസ്.നം- 95653/2020-2021 (Re.PR.7(1)/28.3.2023)

അടങ്കൽ - 670000 (CFC) + 30000 (തനത്)

എം.ബുക്ക് - 51/2019-20

കരാർ- 5/AEE/25.2.2021 (364584.18)

ചെലവ് - 109283.00രൂപ BRN 2115056302260142006O/23.3.2022 (Ist &Part)
70729.00രൂപ - BRN 2215056302260152635 4/28.3.2023 (IInd &Part)

കരാറുകാരൻ - സമീർ ഹൈദർ.എം

ഈ പ്രവൃത്തിയുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.
1. പ്രവൃത്തി പൂർത്തിയായിട്ടില്ല-പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചത് ക്രമപ്രകാരമല്ല.

25.2.2021 ൽ കരാർ വച്ച ഈ പ്രൊജക്ട് 24.8.2021 ന് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണ തീയ്യതിക്ക് മുമ്പായി കാലവർഷം വന്നതിനാൽ ഭരണ സമിതി തീരുമാനം 6(2)/21.12.2021 പ്രകാരം 3.3.2022 വരെയും, വാട്ടർ ലെവൽ താഴാത്തതിനാൽ 6(12)/24.1.2023 തീരുമാനം പ്രകാരം 31.3.2023 വരെയും, അടിഭാഗം പാറയായതിനെ തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതിനാൽ 7(1)/283.2023 തീരുമാനം പ്രകാരം 30.4.2023 വരെയും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. നിലവിൽ 3 മീറ്റർ താഴ്ചയിൽ താഴ്ത്തി റിംഗ് സ്ഥാപിച്ചിട്ടുണ്ട്.

6(12)/24.1.2023 തീരുമാനത്തിൽ 25.3.2022 ന് പാർട് ബിൽ നൽകിയശേഷം 2/2023 ലാണ് പ്രവൃത്തി പുനരാരംഭിച്ചിട്ടുള്ളതെന്നും പറഞ്ഞിട്ടുണ്ട്. 8.7.2021 വരെ നിർവ്വഹിച്ച പ്രവൃത്തിക്കാണ് (എം.ബുക്ക് പേജ്.16) ഒന്നാമത്തെ പാർട് ബിൽ അനുവദിച്ചിട്ടുള്ളത്. ഇതിന് ശേഷം 27.2.2023 നാണ് പ്രവൃത്തി പുനരാരംഭിച്ചത് (എം.ബുക്ക് പേജ്.24). പ്രവൃത്തി സ്ഥലം കുളത്തോട് ചേർന്ന് ആയതിനാൽ വാട്ടർ ലെവൽ താഴുന്നത് ഫെബ്രുവരിയിലാണ് എന്ന് കണക്കാക്കിയാൽ തന്നെ 2022 വർഷം തന്നെ പ്രവൃത്തി പുനരാരംഭിക്കാമായിരുന്നു എന്ന് കാണുന്നു. ഇത് ചെയ്യാതിരുന്നത് കരാറുകാരന്റെ വീഴ്ച കാരണമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ കരാറുകാരന്റെ അപേക്ഷയെ തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 6(12)/24.1.2023, 7(1)/283.2023 എന്നീ തീരുമാനങ്ങൾ പ്രകാരം പിഴ കൂടാതെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകിയത് ക്രമപ്രകാരമല്ല എന്ന് കാണുന്നു.

ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 6.4 മീറ്റർ ആഴത്തിൽ കിണർ കുഴിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ 3 മീറ്റർ താഴ്ത്തിയപ്പോഴേക്കും പാറ കണ്ടതിനാൽ പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകാൻ പ്രയാസമാണെന്ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ 15.2.2023 ലെ ഇ.500/2023 നമ്പർ കത്ത് മുഖേനെ ഭൂഗർഭ ജല വകുപ്പ മലപ്പുറം ജില്ലാ ഓഫീസറെ അറിയിക്കുകയും, മൂന്ന് മീറ്റർ ആഴത്തിന് ശേഷം കുഴൽ കിണർ കുഴിക്കുന്നത് പ്രായോഗികമാണെങ്കിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും എസ്റ്റിമേറ്റും ലഭ്യമാക്കണമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിന് മറുപടി ലഭ്യമായിട്ടില്ല.

2. ഇലക്ട്രിഫിക്കേഷൻ, ഡിസ്ട്രിബ്യൂഷൻ ലൈൻ പ്രവൃത്തി - രേഖകൾ ലഭ്യമല്ല.

എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ, ഡിസ്ട്രിബ്യൂഷൻ ലൈൻ പ്രവൃത്തിക്ക് 260000 രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി ആരംഭിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്കുള്ള (നം.11/16.8.2023) മറുപടിയിൽ (നം.ഇ.296/2023/19.8.2023) പ്രവൃത്തി പൂർത്തീകരണ തീയ്യതിക്ക് മുമ്പായി കാലവർഷം വന്നതിനാൽ വാട്ടർ ലെവൽ താഴാത്തതിനാലും, അടിഭാഗം പാറയായതിനെ തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതിനാലുമാണ് പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടായത് എന്നാണ് പറഞ്ഞിട്ടുള്ളത്. മറുപടിയിൽ പറഞ്ഞ കാര്യങ്ങൾ വസ്തുതാപരമാണ് എങ്കിലും, 8.7.2021 ന് പണി നിർത്തി വച്ച ശേഷം 27.2.2023 ന് മാത്രമാണ്, അതായത് ഒരു വർഷത്തിന്

ശേഷം, പ്രവൃത്തി പുനരാരംഭിച്ചത് എന്നതിനാൽ മറുപടി വസ്തുതകളുടെ അടിസ്ഥാനത്തിൽ പൂർണ്ണമായും അംഗീകരിക്കാനാകില്ല. ഇലക്ട്രിഫിക്കേഷൻ, ഡിസ്ട്രിബ്യൂഷൻ ലൈൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.
പിഴ കൂടാതെ പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചതിൽ അപാകത സംഭവിച്ചിട്ടുള്ളതിനാൽ, വിഷയത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കാൻ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ച് പ്രയോജനപ്രദമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-29 ഒഴൂർ ഗ്രാമ പഞ്ചായത്തിലെ മണലിപ്പുഴ GMLP സകൂളിന് ടോയ്‌ലറ്റ് നിർമ്മാണം-അപാകതകൾ

നം.45/23,

ടി.എസ്.നം- 59137/2021-2022 (Re.PR.6(9)/24.1.2023)

അടങ്കൽ - 800000 CFC(Tied)

കരാർ- 11/AE/1.1.2022 (604429.40 രൂപ)

ചെലവ് - 701674 വൗച്ചർ നം.22200622/25.3.2023

എം.ബുക്ക് - 19/2021-22

കരാറുകാരൻ - കുഞ്ഞമ്മദ്.പി

1 പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചത് ക്രമ പ്രകാരമല്ല.

സാങ്കേതിക അനുമതി പ്രകാരം 6 മാസമാണ് പ്രൊജക്ടിന്റെ പൂർത്തീകരണ കാലയളവ്. ആയതിനാൽ 1.1.2022 കരാർ വച്ച് പ്രവൃത്തി സ്ഥലം കൈമാറിയ ഈ പ്രൊജക്ട് 30.6.2022 ന് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ 25.2.2023 നാണ് (എം.ബുക്ക് പേജ് 61ൽ അവസാനത്തെ അളവ് രേഖപ്പെടുത്തിയ തീയ്യതി) പ്രവൃത്തി പൂർത്തിയാക്കിയത്

പ്രവൃത്തി സ്ഥലത്തേക്ക് മെറ്റീരിയൽ എത്തിക്കുന്നതിന് വളരെയധികം പ്രയാസം നേരിടുന്നതിനാൽ പൂർത്തീകരണ തീയ്യതിക്ക് മുമ്പായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയില്ലെന്നും, ആയതിനാൽ പൂർത്തീകരണ സമയം പിഴ കൂടാതെ ദീർഘിപ്പിക്കണമെന്നും കരാറുകാരൻ അപേക്ഷിച്ചിരുന്നു (കത്തിന് നമ്പർ തീയ്യതി ഇല്ല). ഈ അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകരിച്ച് ഭരണ സമിതിയുടെ പരിഗണനക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ (ബന്ധപ്പെട്ട കത്ത് ഫയലിൽ ഇല്ല. എന്നാൽ കത്ത് നൽകിയതായി ഭരണ സമിതി തീരുമാനത്തിൽ പറഞ്ഞിട്ടുണ്ട്) ഭരണ സമിതി തീരുമാനം 8(2)/29.12.2022 പ്രകാരം 28.2.2023 വരെ പിഴ കൂടാതെ പ്രവൃത്തി പൂർത്തീകരണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

പ്രവൃത്തിയുടെ എം.ബുക്ക് പ്രകാരം എസ്റ്റിമേറ്റിലെ ഒന്നാമത്തെ ഇനമായ സാധാരണ പാറയിൽ കിളയെടുക്കുന്ന പ്രവൃത്തി നിർവ്വഹിച്ചത് 22.8.2022 നാണ് (എം.ബുക്ക് പേജ് 2. അളവെടുത്ത തീയ്യതി). പ്രവൃത്തി സ്ഥലം ഏറ്റെടുത്ത ശേഷം ഏഴ് മാസം കഴിഞ്ഞാണ് പ്രവൃത്തി ആരംഭിച്ചത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിനാൽ പ്രവൃത്തി സ്ഥലത്തേക്ക് മെറ്റീരിയൽ എത്തിക്കുന്നതിന് പ്രയാസം നേരിട്ടതാണ് പൂർത്തീകരണ തീയ്യതിക്ക് മുമ്പായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതിന് കാരണം എന്ന കരാറുകാരന്റെ വാദം അംഗീകരാക്കാനാവില്ല. ഈ സാഹചര്യത്തിൽ കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പിഴ കൂടാതെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകിയത് ക്രമപ്രകാരമല്ല എന്ന് കാണുന്നു.

2. GST ഇനത്തിൽ അധിക ബാധ്യത

18.7.2022 മുതൽ മരാമത്ത് പ്രവൃത്തികൾക്ക് മേലുള്ളGST നിരക്ക് 12% ൽ നിന്നും 18% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 18.7.2022 ന് മുമ്പ് പൂർത്തിയാക്കി അളവെടുത്ത് ബിൽ നൽകിയ പ്രൊജക്ടുകൾക്ക് 12% GST മാത്രം അടവാക്കിയാൽ മതിയാകും. ഈ പ്രോജക്ട് കരാർ പ്രകാരമുള്ള പൂർത്തീകരണ സമയത്തിനുള്ളിൽ പൂർത്തീകരിച്ചിരുന്നുവെങ്കിൽ GST കോമ്പൻസേഷൻ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് 594638.89x12%=71356.66 രൂപ മാത്രമെ ചെലവ് വരുമായിരുന്നുള്ളു. എന്നാൽ നിർവ്വഹണം പൂർത്തിയാക്കുന്നതിൽ കാലതാമസം വന്നതിനാൽ ഈ ഇനത്തിൽ 594638.89x18%=107035 രൂപ ചെലവ് വന്നിട്ടുണ്ട്. കരാറുകാരന്റെ വീഴ്ച മൂലമാണ് 35678 രൂപയുടെ അധികച്ചെലവുണ്ടായത് എന്ന് വ്യക്തമാണ്.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി (നം.15/17.8.2023) നൽകിയിരുന്നു. ഇതിന് ലഭ്യമാക്കിയ മറുപടിയിൽ (നം.ഇ.296/2023/19.8.2023) വർക്ക് സൈറ്റിലേക്കുള്ള കുത്തനെയുള്ള കയറ്റത്തിലൂടെ ഫുൾ ലോഡ് ആയി സാധനം കടത്തിക്കൊണ്ടുപോകുന്നതിന് ബുദ്ധിമുട്ട് ഉണ്ടായതിനാലും, കാറി സമരം മൂലം ലാറ്ററൈറ്റ് ലഭ്യമല്ലാതിരുന്നതിനാലുമാണ് പ്രവൃത്തി സമയ ബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതിരുന്നത് എന്നാണ് പറഞ്ഞിട്ടുള്ളത്.
വർക്ക് സൈറ്റിലേക്കുള്ള കുത്തനെയുള്ള കയറ്റത്തിലൂടെ ഫുൾ ലോഡ് ആയി സാധനം കടത്തിക്കൊണ്ടുപോകുന്നതിന് ബുദ്ധിമുട്ട് ഉണ്ട് എന്നത് പ്രവൃത്തി സ്ഥലം സന്ദർശിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എങ്കിലും എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ സമയമായ ആറ് മാസം കഴിഞ്ഞ് ഒരു മാസവും 21 ദിവസവും കഴിഞ്ഞാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. മേൽ മറുപടിയിൽ പറഞ്ഞ വസ്തുതകൾ പ്രവൃത്തി ആരംഭിക്കുന്നതിലുണ്ടായ ഈ കാലതാമസത്തെ ന്യായീകരിക്കത്തക്കതല്ല. ആയതിനാൽ മറുപടി അംഗീകരിക്കാനാകില്ല. ആയതിനാൽ പ്രവൃത്തി ആരംഭിക്കുന്നതിൽ വലിയ കാലതാമസം വന്നതിന്റെ വെളിച്ചത്തിൽ പ്രവൃത്തിയുടെ പൂർത്തീകരണ സമയം പിഴ കൂടാതെ 28.2.2023 വരെ ദീർഘിപ്പിച്ച് നൽകിയ 8(2)/29.12.2022 നമ്പർ തീരുമാനം ക്രമ പ്രകാരമല്ലാത്തതിനാൽ ആയത് പുന:പ്പരിശോധിക്കേണ്ടതും, കരാറുകാരനിൽ നിന്നും കാലതാമസത്തിന് ഈടാക്കേണ്ട പിഴ കണക്കാക്കി ഈടാക്കേണ്ടതും, GST ഇനത്തിൽ അധികം നൽകേണ്ടതായി വന്ന 35678 രൂപ ഈടാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2022-2023	2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി.

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രൊജക്ടിന്റെ നം., പേര്	ചെലവ്	നീക്കിയിരിപ്പ്
ഗ്രാമ പഞ്ചായത്ത്	350000	30, പ്രധാന മന്ത്രി ആവാസ് യോജന 2021-22 (ജനറൽ)	350000	0
	420000	31, പ്രധാന മന്ത്രി ആവാസ് യോജന 2021-22 (എസ്സ്.സി)	420000	0
	630000	27, പ്രധാന മന്ത്രി ആവാസ് യോജന 2020-21 (ജനറൽ)	630000	0
	70000	68, പ്രധാന മന്ത്രി ആവാസ് യോജന (ജനറൽ)2021-22	70000	0
ജില്ലാ പഞ്ചായത്ത്	1176000	30, പ്രധാന മന്ത്രി ആവാസ് യോജന 2021-22 (ജനറൽ)	1176000	0
	1470000	31, പ്രധാന മന്ത്രി ആവാസ് യോജന (എസ്സ്.സി)2021-22	1470000	0
	392000	68, പ്രധാന മന്ത്രി ആവാസ് യോജന 2021-22 (ജനറൽ)	392000	0
	98000	70, പ്രധാന മന്ത്രി ആവാസ് യോജന 2021-22 (എസ്സ്.സി) വർഷം കരാർ വെച്ചവരിൽ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് ത്രിതല പഞ്ചായത്ത് വിഹിതം നൽകൽ	98000	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാ തിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2010-11, 2011-12, 012-13	3-15	2013-14	ലഘു അവലോകനം	പ്രോക്യൂർമെന്റ് മാനുവൽ	തീർപ്പാക്കിയിട്ടില്ല

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	79454480
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	78228745
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	1220528

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
	ഇല്ല.	ഇല്ല.	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12	556000	ശ്രീ.ജോസ് കുമാർ. എസ്,സെക്രട്ടറി
1-16	45000	ശ്രീ.ബാബു ഷക്കീർ.പി.ഇ. അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ
1-17	305900	ഡോ.അഹമ്മദ് കുട്ടി വലിയ പീടിയേക്കൽ, മെഡിക്കൽ ഓഫീസർ(അലോപ്പതി)
1-20	27877	ശ്രീ.ജോസ് കുമാർ. എസ്,സെക്രട്ടറി
1-21	285751	ശ്രീ.ജോസ് കുമാർ. എസ്,സെക്രട്ടറി
ആകെ	1220528	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1995-96 1996-97	എൽ എഫ് എം 4/3371/14 തിയ്യതി 21.02.2015	2
1997-98	എൽ എഫ് എം 4/3372/14 തിയ്യതി 21.02.2015	2
1998-99 ചെലവ്	എൽ എഫ് എം 4/2642/11 തിയ്യതി 21.02.2015	16
1998-99 ഡി സി ബി	എൽ എഫ് എം 12/548/10 തിയ്യതി 03.06.2010	2
1999-2000	എൽ എഫ് എം 4/3071/14 തിയ്യതി 21.02.2015	10
2000-01 വരവ്	എൽ എഫ് എം 4/3168/14 തിയ്യതി 21.02.2015	8
2001-02 ചെലവ്	എൽ എഫ് എം 4/2864/14 തിയ്യതി 21.02.2015	13
2002-03	എൽ എഫ് എം 4/2793/14 തിയ്യതി 21.02.2015	9
2003-04	എൽ എഫ് എം 4/2793/14 തിയ്യതി 21.02.2015	8
2004-05	എൽ എഫ് എം 4/1071/14 തിയ്യതി 21.02.2015	9

2005-06	എൽ എഫ് എം 4/3072/14 തിയ്യതി 23.02.2015	10
2006-07	എൽ എഫ് എം 4/2794/14 തിയ്യതി 23.02.2015	3
2007-08	എൽ എഫ് എം 4/3169/14 തിയ്യതി 23.02.2015	13
2008-09	എൽ എഫ് എം 4/2235/14 തിയ്യതി 23.02.2015	5
2009-10	എൽ എഫ്എം4/2/13 തിയ്യതി23.02.2015	3
2010-11 2011-12 2012-13	എൽ എഫ് എം 4/439/14 തിയ്യതി 24.04.2014/17.05.2014	13
2013-14	എൽ എഫ് എം 4/2455/14 തിയ്യതി 05.11.2014	8
2014-15	കെ എസ് എ -എം പി എം 8/2561/2015 തിയ്യതി 27.11.15/07.12.15	5
2015-16	നം.കെ എസ് എ എം പി എം.8/552/2017 തിയ്യതി 18.03.2017	14
2016-17	നം.കെ എസ് എ എം പി എം.8/2526/2017 തിയ്യതി 06.12.2017	7
2017-18	നം.കെ എസ് എ എം പി എം.8/380/2019 തിയ്യതി 26.04.2019	11
2018-19	കെ.എസ്.എ.എം.പി.എം.8/1258/2020 തീയതി. 28-10-20	16
2019-20	കെ.എസ്.എ.എം.പി.എം.8/1492/2022 തീയതി. 30-06-22	9
2020-21	കെ.എസ്.എ.എം.പി.എം.8/1493/2022 തീയതി. 01-07-22	10
2021-22	കെ.എസ്.എ.എം.പി.എം.8/2877/2022 തീയതി. 10-05-23	21

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

എം.എ. 9/2023

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 13-07-2023 and submitted on 21-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Tanur Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Tanur Block Panchayat for the year 2022-2023

Date: 10/10/2023 **Senior Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Tanur Block Panchayat for the Year 2022-2023.

1.Major Observations

Nil

2.Other Observations

1.Asset register is not kept updated.

2.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.

a)Ratios b)notes on accounts c) comparative amounts of previous year.

3.Appropriation Control Register is not Kept for the Specific Purpose grand amounts deposited in own Fund Rs.14629607/- which are notified in B-4 Schedule . So that its accuracy could not be verified.

4.As Deposit register and adavance register are not maintained,validity of B-7 and B-18 schedules are not able to examined.

5.Revenue from rent is mismatching between rent register and annual financial statement.

6.Expenditure of CFC Grant (Tied and Untied) and development fund in general in Annual Financial Statement is not Agreed with Appropriation Control Register

7.Revenue from rent is included in the improper head 431400198

8.B-4 schedule is not matching with B-17 schedule in the following items

ITEM	AS B4 schedule	AS B17 schedule
IAY General	46998	700462
TSC	174204	178521

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്